LIBRARY ARCHIVES Kerala Legislative Assembly

**കാർഷികകടാശ്വാസ കമ്മീഷൻ വഴി വയനാട് ജില്ലയിലെ കർഷകർക്കു നൽകിയ ആനുകൂല്യങ്ങൾ**

176(2434) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷികകടാശ്വാസ കമ്മീഷൻ വഴി വയനാട് ജില്ലയിലെ കർഷകർക്കു നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കമ്മീഷന്റെ ശിപാർശ പ്രകാരം വയനാട് ജില്ലയിലെ ഒരേക്കർ വരെ കൃഷിഭൂമിയുള്ള കർഷകർ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള 25000 രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാദ്ധ്യത ഏറ്റെടുത്തതിലൂടെ 14.38 കോടി രൂപ കടാശ്വാസമായി അനുവദിച്ചിട്ടുണ്ട്. 32472 കർഷക അക്കൗണ്ടുകളിന്മേലാണ് ടി കടാശ്വാസം അനുവദിച്ചത്. കർഷകരുടെ വ്യക്തിഗത അപേക്ഷകൾ പരിഗണിച്ച് കാർഷിക കടാശ്വാസ കമ്മീഷൻ പാസ്സാക്കിയ 6377 അന്തിമ ഉത്തരവുകൾ പ്രകാരം വയനാട് ജില്ലയിൽ 10.427 കോടി രൂപ കടാശ്വാസമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

**ടി. പി. അബ്ദുൾ റഹ്മാൻ നൽകിയിട്ടുള്ള അപേക്ഷകൾ**

177(2435) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ കൃഷി ഭവന്റെ പരിധിയിൽ വരുന്ന റയോൺപുരം പാടശേഖര സമിതിക്കുവേണ്ടി, ഭാരവാഹിയായിരുന്ന ശ്രീ. ടി. പി. അബ്ദുൾ റഹ്മാൻ നൽകിയിട്ടുള്ള അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പാടശേഖര സമിതിക്കുവേണ്ടി 2006-ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ വാല്യുവേഷനിൽ വന്ന അപാകത സംബന്ധിച്ച് നാളിതുവരെ ലഭിച്ച പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുവരെ ലഭിച്ച പരാതികൾ പരിശോധിച്ച് പരാതിക്കാരന് നീതി ലഭിക്കുന്നതിനും, പാടശേഖര സമിതിക്ക് ചെലവായ പണം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

178(2436) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;